## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1959 15.07.2016-ൽ മറുപടിക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

| | ചോദ്യം<br>ശ്രീ.പി.കെ. ശശി : | | മറുപടി<br>മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ | കഴിഞ്ഞ അഞ്ചു വർഷക്കാലമായി കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ തീർക്കുന്നതിലെ കാലതാമസവും, പദ്ധതികളുടെ ദീർഘവീക്ഷണമില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ | പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. പദ്ധതി നിർമ്മാണത്തിനു വേണ്ട ഭൂമി നിശ്ചിത സമയത്തിൽ ലഭിക്കാതെ വരുന്നതും പി.ഡബ്ല്യൂ.ഡി/ എൻ.എച്ച്. റെയിൽവെ തുടങ്ങിയ വകുപ്പുകളിൽ നിന്നും റോഡ് കട്ടിംഗിനും ക്രോസിംഗിനുമുള്ള അനുമതികൾ ലഭിക്കുന്നതിനുള്ള കാലതാമസം, പ്രതികൂല കാലാവസ്ഥ എന്നിവ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്. |
| ബി | ഇതിൽ നിന്നും കേരള വാട്ടർ അതോറിറ്റിയെ രക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | ബി | പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി | അതോറിറ്റി തുടങ്ങിയ 1984 മുതൽ ഓരോ വർഷവും നഷ്ടമാണോ ലാഭമാണോ അതോറിറ്റിയ്ക്കുണ്ടായത്; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | സി | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി | വാട്ടർ അതോറിറ്റിയിൽ പൈപ്പ് പൊട്ടലിന്റെയും കരാറുകാരുടേയും മറവിൽ നടന്നുവരുന്നതായി പറയപ്പെടുന്ന അഴിമതിയാക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; | ഡി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്. |
| ഇ | സംസ്ഥാനത്തു ദൈനം ദിനം വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമം | ഇ | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പരിഹരിക്കാനും കുപ്പിവെള്ള ലോബിയുടെ ജലചൂഷണം ഒഴിവാക്കാനുമായി ഒരു സംസ്ഥാന കുടിവെള്ള നയം രൂപപ്പെടുത്തുന്നത് പരിഗണിക്കുമോ; | | |
| എഫ് | 2015-16 വർഷം വാട്ടർ അതോറിറ്റിയുടെ വരുമാനം, ചെലവ്, നഷ്ടം എത്രയെന്നും ഇതിൽ പ്രതിമാസ നഷ്ടം എത്രയെന്നും 2015-16 വരെയുള്ള മൊത്തം നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ; | എഫ് | കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ വരവും ചിലവും താഴെ ചേർക്കുന്നു.<br>കോടി രൂപ<br>വാട്ടർ ചാർജ്ജും മറ്റു വരുമാനം - 493.44<br>സർക്കാർ ഗ്രാന്റ് - 273.25<br>ആകെ വരുമാനം - 766.69<br>ചിലവ് - 1079.05<br>നഷ്ടം - 312.36<br>മേൽ പറഞ്ഞ പ്രകാരം പ്രതിമാസ നഷ്ടം 26.03 കോടി രൂപയാണ്.<br>സർക്കാർ ലോണിന്റെ പലിശയും വാർഷിക തേയ്മാനവും കണക്കാക്കാതെയാണ് മേൽ നഷ്ടം കണക്കാക്കിയിരിക്കുന്നത്.<br>2013-14 ഓഡിറ്റഡ് അക്കൗണ്ട്സ് പ്രകാരം 2390.57 കോടി രൂപയാണ് സഞ്ചിത നഷ്ടം. |
| ജി | നിലവിൽ വാട്ടർ അതോറിറ്റി ഏതെല്ലാം സംസ്ഥാന, അന്തർ സംസ്ഥാന, വിദേശ സ്ഥാപനങ്ങളിൽ നിന്നും പണം കടമെടുത്തിട്ടുണ്ടെന്നും എത്ര ശതമാനം പലിശ നിരക്കിലെന്നും ഓരോ സ്ഥാപനത്തിനും ഇനി എത്ര തുക അടച്ചു തീർക്കാനുണ്ടെന്നും വിശദമാക്കുമോ? | ജി | പദ്ധതി നിർവ്വഹണത്തിനായി എൽ.ഐ.സിയിൽ നിന്നും 9 ശതമാനം പലിശയ്ക്ക് വാട്ടർ അതോറിറ്റി ലോൺ എടുത്തിട്ടുണ്ട്. ജിക്ക പദ്ധതികൾക്ക് വേണ്ടി ജിക്കയിൽ നിന്നും ലോൺ കേന്ദ്ര സർക്കാർ വഴിയാണ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചത്. ഈ തുക കേരള വാട്ടർ അതോറിറ്റിയ്ക്ക് സംസ്ഥാന സർക്കാർ 11.25% പലിശയ്ക്ക് ലോൺ ആയാണ് അനുവദിച്ചത്. എൽ.ഐ.സി.യ്ക്ക് കൊടുത്തു തീർക്കുവാനുള്ളത് 81.04 കോടി രൂപയാണ്. ജിക്കാ ലോൺ തിരിച്ചടവ് കേന്ദ്ര സർക്കാർ നേരിട്ട് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

# KERALA WATER AUTHORITY

Revised.

## Details of Profit / (Loss )

₹ in Crore

| YEAR | INCOME | EXPENDITURE | PRIOR PERIOD ADJUSTMENT - EXPENDITURE /(INCOME) | PROFIT / ( LOSS ) |
|---|---|---|---|---|
| Up to 07-08 | - | - | | (533.40) |
| 08-09 | 401.25 | 647.17 | 1.83 | (247.75) |
| 09-10 | 546.22 | 696.65 | (0.48) | (149.95) |
| 10-11 | 595.03 | 768.28 | - | (173.25) |
| 11-12 | 583.30 | 816.78 | - | (233.48) |
| 12-13 | 668.14 | 1020.63 | 12.58 | (365.07) |
| 13-14 | 678.47 | 1154.90 | 211.24 | (687.67) |

The above details are based on the audited financial statement